# മാരക്കാഷിലെ നീക്കിയിരിപ്പുകൾ



എൽബാദി കൊട്ടാരം

പുരാതനകാലത്ത് പടിഞ്ഞാറ് എന്ന അർത്ഥം വരുന്ന മഗ്‌രിബ് എന്ന പേരിലാണ് ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ വടക്ക് പടിഞ്ഞാറേ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന മൊറോക്കോ അറിയപ്പെട്ടത്. മൊറോക്കോയിലെ അതിപുരാതന ചരിത്ര നഗരമാണ് മരക്കാഷ്. ഈ നഗരത്തിന്റെ പഴയ ഭാഗത്തായിരുന്നു. ഞങ്ങൾ താമസിച്ച ഹോട്ടൽ. ഒരു തുറന്ന മ്യൂസിയം പോലെ കാണപ്പെടുന്ന ഇവിടെയുള്ള മണ്ണ് കുഴച്ചുണ്ടാക്കിയ ഇടവഴികളും ചന്തകളും പള്ളികളും ചത്വരങ്ങളും സഞ്ചാരിയെ സമയ യന്ത്രത്തി(time machine)ലേറ്റി മദ്ധ്യ കാലത്തിലേക്ക് കൊണ്ട് പോകുന്നു. ആയിരത്തൊന്നു രാവുകളിലെ കഥാപരിസരങ്ങളിലേക്ക് അങ്ങനെ ഞങ്ങൾ നടന്ന് കയറി.

കേരളത്തിലെ പതിനാറ് കെട്ടിന് തുല്യമായ രണ്ട് നിലയും നടുമുറ്റവും ഉള്ള 'റിയാദ്'' എന്ന ഇനത്തിൽപ്പെടുന്ന ഒരു ഹോട്ടലിലായിരുന്നു താമസം. പുരാതന റോമൻ വില്ലകളുടെ മാതൃകയിൽ ഉള്ള ഈ നിർമ്മാണശൈലി ചൂട് കുറയ്ക്കാനും ധാരാളം ശുദ്ധവായു ലഭിക്കാനും സഹായകരമാണ്. ഫ്രഞ്ചുകാരനായ പാട്രിക്കും ഭാര്യയും ചേർന്നു നടത്തുന്ന ഒരു സംവിധാനമാണിത്. ഒരു ഹോട്ടൽ എന്നതിനേക്കാൾ അവരുടെ വീട്ടിൽ ഒരു അതിഥി എന്ന നിലയ്ക്കായിരുന്നു അവിടെ ഉണ്ടായിരുന്ന ദിവസങ്ങളിൽ ഞങ്ങൾക്ക്



Saleema A. Hameed



**മാരക്കാകാഷ് നഗരത്തിന്റെ ചുറ്റുമതിലുകളുടെ പ്രധാന ഭാഗങ്ങൾ എല്ലാം ഇപ്പോഴും ബാക്കിയുണ്ട്. കാവി നിറത്തിലുള്ള മണ്ണ് കൊണ്ട് നിർമ്മിച്ച ഇവ മൂലമാണ് മാരക്കാഷിന് 'ചുവന്ന നഗരം' എന്ന പേര് ലഭിച്ചത്**

മരക്കാഷ് നഗരത്തിലെ ചുറ്റുമതിൽ